**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2475 05.11.2019-ലെ മറുപടിയ്ക്ക്

**<u>സ്പോർട്സ് സ്കൂളുകളുടെ വികസനത്തിന് പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന സ്പോർട്സ് വകുപ്പിനു കീഴിൽ എത്ര സ്പോർട്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്;ഇതിൽ ഏതൊക്കെ സ്പോർട്സ് സ്കൂളുകൾക്ക് സ്കൂൾ കായിക മേളകളിൽ ഓവറോൾ കിരീടം നേടുവാൻ കഴിഞ്ഞിട്ടുണ്ട്;പ്രസ്തുത സ്പോർട്സ് സ്കൂളുകളുടെ പേരും ഓവറോൾ കിരീടം നേടിയ വർഷവും സംബന്ധിച്ച വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സ്പോർട്സ് വകുപ്പിന് കീഴിൽ ഒരു സ്പോർട്സ് സ്കൂളും (ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം), ഒരു സ്പോർട്സ് ഡിവിഷനും (ജി.വി.എച്ച്.എസ്. എസ് (സ്പോർട്സ്) കണ്ണൂർ) പ്രവർത്തിച്ച് വരുന്നു. പ്രസ്തുത സ്പോർട്സ് സ്കൂളുകൾ കായിക മേളകളിൽ ഓവറോൾ കിരീടം നേടിയിട്ടില്ല. |
| (ബി) | സ്പോർട്സ് വകുപ്പിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ വികസനത്തിനായി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ? | (ബി) | സ്പോർട്സ് വകുപ്പിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളുടെ വികസനത്തിനായി കായികയുവജനകാര്യ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദാംശങ്ങൾ **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി ഗവ. ജി.വി രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ്.(സ്പോർട്സ്) , കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല സ.ഉ. (കൈ). നം.3/ 2017/ കാ.യു.വ തീയതി 13/02/2017 പ്രകാരം കായിക വകുപ്പിന് കൈമാറിയിട്ടുണ്ട്.

- കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർഥികൾക്ക് ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൌകര്യങ്ങളും ഒരുക്കുന്നതിൻറെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.
- രണ്ടു സ്കൂളുകളിലെയും ഹോസ്റ്റലുകൾ, അടുക്കള, ടോയ്ലറ്റ്,എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൌകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.
- ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിൻറെ ഭാഗമായി ഇന്റർആക്റ്റിവ് ക്ലാസ്സ് റൂം, മാനേജ്മെൻറ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട്.
- സി.സി.ടി.വി. സ്ഥാപിക്കുന്നതിൻറെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടമെന്ന നിലയിൽ കൂടുതൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- ജി വി രാജാ സ്പോർട്സ് സ്കൂളിലേയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലേയും കുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- വിവിധ കായിക ഇനങ്ങളിൽ അന്താരാഷ്ട്രനിലവാരത്തിൽ കഴിവ് തെളിയിച്ച കായിക താരങ്ങളെ നേരിൽ കാണുന്നതിനും അതിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനും കുട്ടികൾക്ക് അവസരമൊരുക്കുന്ന ലെജൻറ് ടോക് ടു യൂ എന്ന പദ്ധതിക്കും , വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം നൽകുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ശാസ്ത്രീയമായ രീതിയിൽ കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൾ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ ഈ രണ്ട് വിദ്യാലയങ്ങളിലെയും കായിക അടിസ്ഥാനസൌകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ജി.വി രാജാ സ്പോർട്സ് സ്കൂളിലേക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- 2 ബാസ്കറ്റ്ബോൾ കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം, ഹോക്കി കോർട്ട് നവീകരണം എന്നിവ പൂർത്തീകരിച്ച് വരുന്നു.
- ആൺകുട്ടികളുടെ ടോയ്ലറ്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ് , ക്രിക്കറ്റ് പിച്ച് എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.
- ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചു.
- ജി.വി രാജാ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവർത്തികൾ നടന്നുവരുന്നു.
- വോളിബോൾ കോർട്ട് നവീകരണപ്രവർത്തികൾ പുരോഗമിച്ചുവരുന്നു.
- ജി.വി രാജാ സ്പോർട്സ് സ്കൂളിലെ റിട്ടെയിനിംഗ് വോൾ നിർമ്മാണം പുരോഗമിച്ചുവരുന്നു.
- സംപ്, പമ്പ്റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.
- 6 വരി 400 m അത്ലറ്റിക് ട്രാക്ക്, 8 വരി സ്പ്രെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു.
- സ്പ്രിംഗ്ളർ , സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.
- സ്കൂളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.
- കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിൻറെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

കായിക അധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ നിയമിച്ചിട്ടുണ്ട്.